# കുടുംബശ്രീ ജില്ലാ മിഷൻ വയനാട്

# സാമൂഹ്യ സ്ഥാപനങ്ങളും സ്ത്രീകളുടെ ചലനാത്മകതയും

## ആമുഖം

ഇന്നത്തെ സാമൂഹ്യ വ്യവസ്ഥയിൽ സാമൂഹ്യ സ്ഥാപനങ്ങൾ സ്ത്രീകളുടെ ചലനാത്മകതയിൽ വളരെയധികം സ്വാധീനം ചെലുത്തുന്നുണ്ട്. അനുകൂലിക്കേണ്ടതും നിരാകരിക്കേണ്ടതുമായ ഒട്ടേറേ ഘടകങ്ങൾ സമൂഹത്തിൽ നിലനിൽക്കുന്നു. സമുഹത്തിന്റെ കാഴ്ചപ്പാടിലും മനോഭാവത്തിലും കാതലായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. അടിസ്ഥാനപരമായി കുടുംബത്തിൽനിന്നുമാണ് ഇത്തരം മാറ്റങ്ങൾക്കാവശ്യമായ അഭിപ്രായരൂപീകരണം നടത്തേണ്ടത്.

ചലനാത്മകതയിൽ സാമൂഹ്യ സ്ഥാപനങ്ങളുടെ സ്വാധീനം എത്രത്തോളമുണ്ടെന്ന ചർച്ചയിൽ നിന്നുമുരിത്തിരിഞ്ഞുവന്ന പ്രധാന ആശയങ്ങൾ താഴെ ചേർക്കുന്നു.

ആൺ പെൺ വ്യത്യാസമില്ലാതെ കുട്ടികളെ വളർത്തുന്നതിന് പ്രാധാന്യം നൽകി നല്ല മനുഷ്യനായി  വരും തലമുറയെ വാർത്തെടുക്കാൻ  മാതാപിതാക്കൾ ശ്രമിക്കേണ്ടതുണ്ട്. കതിരിൽ വളം വെയ്കുന്നതിന് പകരം കടയ്കൽ വളം ഇടുന്ന സമ്പ്രദായം ഉണ്ടാവണം.

## മതം

എല്ലാ മതങ്ങളും സ്ത്രീകളുടെ സ്വാതന്ത്ര്യത്തിന് ഒരു പരിധി കൽപ്പിക്കുന്നുണ്ട്. കാരണം കുടുംബങ്ങളിൽ കാലാകാലങ്ങളിൽ അനുഷ്ഠിച്ചുവരുന്ന ആചാരഅനുഷ്ഠാനങ്ങളുടെ ഭാഗമായി കുടുംബനാഥന്റെ ഇഷ്ടാനിഷ്ടങ്ങൾ സ്ത്രീകൾക്ക് വിലക്ക് കൽപിക്കുന്നു. മുസ്ലിം സ്ത്രീകൾക്ക് പുരുഷൻമാരുടെ മുന്നിൽ സംസാരിക്കാൻ വേദിയില്ല. ജൈന വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് ഒരു മറ നീക്കി പുറത്ത് വരാനുള്ള അവകാശം ഇല്ല. ഭർത്താവ് മരിച്ച സ്ത്രീകൾക്ക് ആഘോഷപരിപാടികളിൽ പങ്കെടുക്കുന്നതിനും ഇവർക്ക് വിലക്കുണ്ട്. ഇഷ്ടമല്ലെങ്കിൽ പോലും മതപരമായ വസ്ത്രധാരണ രീതി സ്ത്രീകളിൽ അടിച്ചേൽപ്പിക്കുന്ന അവസ്ഥയും സമൂഹത്തിൽ നിലനിൽക്കുന്നു.

പല സ്ഥലങ്ങളിലും അയിത്തത്തിന്റെയും അനാചാരത്തിന്റെയും പേരിൽ ആരാധനാലയങ്ങളിൽ നിന്നും സ്ത്രീകളെ അകറ്റിനിറുത്തുന്ന സാഹചര്യവും നിലവിലുണ്ട്.പുരോഹിത മേധാവിത്വം മുഴുവൻ പുരുഷ കേന്ദ്രീകൃതമാണ്.

## രാഷ്ട്രീയ പ്രസ്ഥാനങ്ങൾ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സംവരണമുണ്ടെങ്കിലും അഭിപ്രായപ്രകടനത്തിനോ സ്വതന്ത്രമായി ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള സ്വാതന്ത്യം  ഇല്ല. പലപ്പോഴും സ്ത്രീകളുടെ അധികാരം ചൂഷണം ചെയ്യപ്പെടുകയും ചെയ്യുന്നു. സ്ത്രീകൾ പൊതുപ്രവർത്തനത്തിൽ ഏർപ്പെടുന്നതിൽ കുടുംബം വിലക്ക്

കൽപ്പിക്കുന്നതോടൊപ്പം അതിന്റെ പേരിൽ സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് മാനസികമായി തകർച്ച സംഭവിക്കുന്ന അവസ്ഥയും നിലവിലുണ്ട്.

## വിദ്യാഭ്യാസം

പരിചരണ സ്വഭാവമല്ലാത്ത തൊഴിൽ ചെയ്യാൻ നിർബന്ധിക്കപ്പെട്ട സ്ത്രീകളുടെ വിദ്യാഭ്യാസം നിഷേധിക്കുന്നു. വിദ്യാഭ്യാസത്തിനനുസൃതമായ തൊഴിൽ ലഭിച്ചാൽ പോലും കുടുംബത്തിൽ ഒതുങ്ങിക്കൂടാൻ നിർബന്ധിതയാവുന്നു. ജോലിക്ക് പോവുന്നുണ്ടെങ്കിൽതന്നെ ഇരട്ടി ജോലി ഭാരം നിമിത്തം ആരോഗ്യസ്ഥിതിവരെ മോശാവസ്ഥയിലാവുന്നു. വിദ്യാഭ്യാസത്തിന് ഏത് കോഴ്സ് തെരഞ്ഞെടുക്കണമെന്ന് തീരുമാനിക്കാനുള്ള അവകാശം നിഷേധിക്കപ്പെടുന്നു.

## നിയമസംവിധാനം

ഒരേ തരത്തിലുള്ള തെറ്റ് ചെയ്താലും സ്ത്രീകൾ കൂടുതൽ ചോദ്യം ചെയ്യപ്പെടുകയും വേണ്ടത്ര നിയമ പരിരക്ഷ ലഭിക്കാതിരിക്കുകയും ചെയ്യുന്നു. സ്ത്രീകൾക്കനുകൂലമായ നിയമങ്ങളിൽപോലും രണ്ടാം നിലക്കാരിയായി പുറന്തള്ളപ്പെടുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾ കണ്ണുണ്ടെങ്കിലും കാണാതെ പോകുന്ന അവസ്ഥയാണ്. ഇതുകൊണ്ട് തന്നെ നിയമത്തിന്റെ മുന്നിലെത്തേണ്ട പല അതിക്രമങ്ങളും ആരുമറിയാതെ ഒതുക്കിതീർക്കുന്നു

## സാമ്പത്തികം

സാമ്പത്തികമായി ഉയർന്ന തലത്തിലുള്ള സ്ത്രീകളോടുള്ള സമീപനമല്ല സാമ്പത്തികമായി താഴെ കിടയിലുള്ള സ്ത്രീകളോടുള്ളത്. ഏത് ഉയർന്ന ജോലി ചെയ്യുന്ന സ്ത്രീക്കും തന്റെ വരുമാനം സ്വന്തം ഇഷ്ടപ്രകാരം ചിലവഴിക്കാനുള്ള അനുവാദം വളരെ വിരളമാണ്.എന്നാൽ ആദിവാസി മേഖലകളിൽ പണിയ വിഭാഗത്തിന് അവരുടെ കുടുംബത്തിലായാലും സമൂഹത്തിലായാലും അവരുടെ ജീവിത ശൈലി പ്രകടമായ സാമൂഹ്യ കെട്ടുറപ്പുകളെ സ്വാധീനിക്കുന്നില്ല.

## അന്ധവിശ്വാസവും അനാചാരവും

അന്ധ വിശ്വാസത്തിന്റെയും അനാചാരത്തിന്റെയും പേരിൽ അറിവിന്റെ ലോകത്തേക്ക് എത്തുന്നതിൽ നിന്ന് സ്ത്രീകളെ തടയാൻ ബോധപൂർവ്വമായ ശ്രമം നടക്കുന്നു. യുക്തിബോധനുള്ളവരാക്കുന്നതിൽ സമൂഹം ബോധപൂർവ്വം പിൻവാങ്ങുന്നു. കുഞ്ഞ് ജനിക്കുന്നത് മുതൽ ( ആണാവട്ടെ പെണ്ണാവട്ടെ) മരണം വരെ അന്ധവിശ്വാസത്തിൽ മുങ്ങിത്താഴുന്നു. ജനന സമയം നക്ഷത്രം, പിന്നെയുണ്ടാകുന്ന വിപത്തുകൾക്കെല്ലാം കാരണമായി പരിഗണിക്കുന്നു. . ഇത് വിവാഹത്തേയും ജനനത്തേയും മരണത്തേയും സ്വാധീനിക്കുന്നുണ്ട്. ആർത്തവവുമായി ബന്ധപ്പെട്ട് ആദിവാസി ഗോത്ര വർഗ്ഗങ്ങൾക്കിടയിലും ജൈനർക്കിടയിലും നിലവിലുള്ള അനാചാരങ്ങൾ സ്ത്രീകളിൽ ഒറ്റപ്പെടലിന്റെയും മാനസിക പിരിമുറുക്കത്തിന്റെയും

അവസ്ഥ ഉണ്ടാക്കാറുണ്ട്. ഓരോ വിഭാഗത്തിനും അവരവരുടെ ചട്ടക്കൂടായതിനാൽ പുറത്തുനിന്നുള്ള പ്രതികരണം ഫലവത്താകാതെ പോകുന്നു.

## സംസ്കാരിക മൂല്യച്ച്യുതി

ഇന്നത്തെ സമൂഹം സ്ത്രീകളെ കച്ചവടച്ചരക്കായി കാണുന്നു.സ്ത്രീകളുടെ ആഗ്രഹങ്ങൾക്കോ, അഭിപ്രായത്തിനോ വിലകൽപ്പിക്കാത്തവർ, അവളുടെ ശരീരത്തെ പ്രായമോ ,ജാതിയോ, മതമോ പ്രശ്നമാക്കാതെ ലൈംഗിക ആവശ്യത്തിനുള്ള ഉപകരണമായി മാത്രം കാണുന്നു.

കവി വാക്കുകളിലും പ്രയോഗത്തിലും സ്ത്രീ അമ്മയാണ്, ദേവിയാണ്, എന്നാൽ പ്രാഭല്യത്തിൽ ഈ പരിഗണനകൾ ഒന്നും ലഭിക്കുന്നില്ല.

## കുടുംബം

### ദൈനംദിന പ്രവർത്തനങ്ങൾ

ദൈനംദിന ജോലികൾ സ്ത്രീകളുടെ മാത്രം ഉത്തരവാദിത്വമാണെന്ന് മിഥ്യാധാരണ സമൂഹത്തെ കാർന്നുതിന്നാൻതുടങ്ങിയിട്ട് കാലങ്ങളേറെയായി. ഇത് സ്ത്രീയുടെ ചലനാത്മകതക്ക് വിലങ്ങുതടിയായി ഇന്നും നിലനിൽകുന്നു. രാവിലെ വെളുപ്പിന് എഴുന്നേറ്റ് അടുക്കള ജോലികൾ തീരുമ്പോഴേക്കും സ്ത്രീ അവശയാകും എന്നാൽ ഇതിന് ഒരു പ്രതിഫലവും ലഭിക്കുന്നില്ല. മാത്രമോ കുറ്റപ്പെടുത്തലും ശകാരങ്ങളും മാത്രം. കുടുംബത്തിന്റെ വിശപ്പ് മാറണമെങ്കിൽ ഭക്ഷണം സ്ത്രീകൾ തയ്യാറാക്കുക തന്നെ വേണം എന്ന അവസ്ഥ.

### കുട്ടികളുടെ വിദ്യാഭ്യാസം

വളർന്നു വരുന്ന തലമുറകളുടെ വിദ്യാഭ്യാസത്തിലും വിവാഹത്തിലും, ജോലിയിലും സ്ത്രീകൾക്കാണ് കൂടുതൽ ഉത്തരവാദിത്വം. എങ്കിൽ പോലും തീരുമാനമെടുക്കുന്ന വേളയിൽ സ്ത്രീ പങ്കാളിത്തം കുറഞ്ഞുവരുന്നു. കുട്ടികൾ വിദ്യാഭ്യാസ പ്രായമാകുമ്പോൾ ഏത് സ്കൂളിൽ ചേർക്കണമെന്ന് അന്തിമ തരുമാനം പുരുഷന്റേതാണ്. എന്നാൽ സ്കൂൾ പി.ടി.എ മീറ്റിംഗുകളിൽ മുഴുവൻ പങ്കെടുക്കുന്നത് സ്ത്രീയാണ്. കുട്ടിക്ക് അച്ഛനുണ്ടോ എന്ന അവസ്ഥയിലെത്തുന്നു. വിവാഹത്തിൽ സ്വന്തമിഷ്ടത്തിന് പങ്കാളിയെ തെരഞ്ഞെടുക്കാനുള്ള തീരുമാനം ഇല്ല. കുടുംബത്തിന്റെ ഇഷ്ടത്തിന് തീരുമാനിക്കുന്നു.

## വിവാഹം

സ്വന്തം അഭിപ്രായത്തിന് പരിഗണന ലഭിക്കുന്നത് കുറവാണ്. ഇത് സ്ത്രീകളുടെ ചലനാത്മകതയെ തടസ്സപ്പെടുത്തുന്നു. അച്ഛനും അമ്മയും നിശ്ചയിക്കുന്ന ബന്ധത്തിനാണ് മുൻതൂക്കം. വിവാഹ ബന്ധത്തിൽ എന്തെങ്കിലും പാളിച്ചകൾ വന്ന് ദമ്പതിമാർക്കിടയിൽ വല്ല പൊട്ടലും ചീറ്റലും ഉണ്ടായാൽ അത് സ്ത്രീയുടെ പോരായ്മയായ് കണ്ട് സമൂഹവും കുടുംബവും അവളെ കുറ്റപ്പെടുത്തുന്നു.

## വരുമാനം

സ്വന്തമായി വരുമാനം ലഭ്യമാകുന്നുണ്ടെങ്കിലും സ്വന്തമിഷ്ട പ്രകാരം ചിലവഴിക്കാൻ സാധിക്കുന്നില്ല. കിട്ടുന്ന വരുമാനം മുഴുവൻ കുടുംബത്തിൽ ചെലവഴിച്ചാലും കുറ്റപ്പെടുത്തൽ മാത്രം. അവളുടെതായ സന്തോഷത്തിന് ഒന്നും മാറ്റിവെയ്ക്കുന്നില്ല. എന്നാലും ചോദ്യം വരുന്നത് നീ എന്ത് ചെയ്തു. ധൂർത്തടിച്ചു എന്നായിരിക്കും. മറ്റ് ചിലരാണെങ്കിൽ ശമ്പളം ഭർത്താവിന്റെ കൈയ്യിൽ എത്തിക്കേണ്ടത് അത്യാവശ്യമാണ്.

## വരുമാനം

ജോലി വരുമാനം ലഭ്യല്ലാതിരിക്കുമ്പോൾ ആശ്രിത മനോഭാവം. സ്വന്തമിഷ്ടപ്രകാരം ഏത് ജോലി ചെയ്യണമെന്ന് തീരുമാനിക്കുന്നതിന് അവകാശമില്ല. സ്ത്രീ ഐ.എ.എസ് ആണെങ്കിലും അടുക്കള കഴിഞ്ഞാണ് എല്ലാം ഉള്ളത്. സ്ത്രീകൾക്ക് പുരുഷനെ പോലെ തുല്യ ജോലിക്ക് തുല്യ വേതനവും ഇല്ല. സ്ത്രീ രണ്ടാം നിലക്കാരിയായി തള്ളപ്പെടുന്നു.

## വിശ്വാസം

മതപരമായ ചടങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും പോകാം പക്ഷെ സമൂഹത്തിന്റെ മറ്റ് മണ്ഡലങ്ങളിലേക്ക് ഇറങ്ങി തിരിക്കുന്നത് കുടുംബത്തിന് മോശമാണെന്ന തോന്നൽ. ഭർത്താവ് മരണപ്പെട്ടാൽ സ്ത്രീയെ ശുഭ സന്ദർഭങ്ങളിൽ മുന്നിൽ നിന്നാൽ അശുഭ ലക്ഷണം എന്നാണ് വിശ്വാസം

## ചാരിത്ര്യം

സ്ത്രീകളുടെ പവിത്രതയ്ക്ക് പ്രാധാന്യം കൽപ്പിക്കുന്നു. കുടുംബ പശ്ചാത്തലത്തിൽ ഇത്തരം ഘടകങ്ങൾ ചലനാത്മകതക്ക് വളരെയേറെ തടസ്സങ്ങൾ സൃഷ്ടിക്കുന്നു.നിലനിൽക്കുന്ന സാമൂഹ്യ വ്യവസ്ഥിതി പുരുഷമേൽക്കോയ്മക്ക് ചില ഉദാഹരണങ്ങൾ മാത്രമാണ്. സ്ത്രീകൾ ഏറ്റവും വില കൽപ്പിക്കുന്ന ഒന്നാണ് അവളുടെ ചാരിത്ര്യം. അത് നഷ്ടപ്പെട്ടാൽ മരണത്തെ ആശ്രയിക്കുന്നു.

ഇന്നത്തെ സാമൂഹ്യ വ്യവസ്ഥിതിയിൽ സാമൂഹ്യസ്ഥാപനങ്ങൾ സ്ത്രീകളുടെ ചലനാത്മകതയിൽ വളരെയധികം സ്വാധീനം ചെലുത്തുന്നുണ്ട്. അനുകൂലിക്കേണ്ടതും, നിരാകരിക്കപ്പെടേണ്ടതുമായ ഒട്ടേറെ ഘടകങ്ങൾ സമൂഹത്തിൽ നിലനിൽക്കുന്നു.

സമൂഹത്തിന്റെ കാഴ്ചപ്പാടിലും മനോഭാവത്തിലും കാതലായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. അടിസ്ഥാനപരമായി ഏറ്റവും താഴെതലങ്ങളിൽ നിന്നും വേണം ഇതിന്റെ മാറ്റങ്ങൾ വരുത്തുന്നതിനാവശ്യമായ അഭിപ്രായ രൂപീകരണം നടത്തേണ്ടത്. ചലനാത്മകതയിൽ സാമൂഹ്യ സ്ഥാപനങ്ങളുടെ സ്വാധീനം എത്രത്തോളമുണ്ട്.

കുടുംബ പശ്ചാത്തലത്തിൽ തന്നെ സ്ത്രീകളുടെ ചലനാത്മകതക്ക് കൂച്ച് വിലങ്ങിടുന്നു

## കുടുംബം

- ദൈനംദിന പ്രവർത്തനങ്ങൾ (വീട്ടുജോലികൾ) ഭക്ഷണം പാകംചെയ്യുക
- കുട്ടികളുടെ വിദ്യാഭ്യാസം – സ്ത്രീകൾക്ക് കൂടുതൽ ഉത്തരവാദിത്തം
- വിവാഹം – മകളുടെ വിവാഹം അഭിപ്രായം രേഖപ്പെടുത്തൽ ഒരു പരിധിവരെ സാധ്യമല്ല
- വീട് വെക്കൽ, സ്ഥലം വാങ്ങൽ – തുടങ്ങിയ കാര്യങ്ങളിൽ തീരുമാനം എടുക്കുന്നതിൽ പങ്കാളിത്തം തുലോം കുറവ്
- ജോലി – വരുമാനം ലഭ്യമാണെങ്കിലും സ്വന്തം ഇഷ്ടപ്രകാരം ചെലവഴിക്കപ്പെടാൻ സാധ്യമല്ല. ജോലിയുടെ ഇരട്ട ഭാരം
- വരുമാനം – വരുമാനം ലഭ്യമല്ലാതിരിക്കുമ്പോൾ കൂടുതൽ ആശ്രിതത്വ മനോഭാവം
- വിശ്വാസം – മതപരമായ ചടങ്ങൾക്കും, അനുഷ്ഠാനങ്ങൾക്കും പോകാം. പക്ഷെ സമൂഹത്തിന്റെ മറ്റു മണ്ഡലങ്ങളിലേക്ക് ഇറങ്ങിത്തിരിക്കുന്നത് കുടുംബത്തിന് മോശമാണെന്ന തോന്നൽ
- സ്വന്ത ഇഷ്ടം – സ്വന്തം താത്പര്യമനുസരിച്ച് ചെറിയൊരു കാര്യംപോലും നടത്താൻ കഴിയുന്നില്ല
- ചാരിത്ര്യം – സ്ത്രീക്കു മാത്രമെ ചാരിത്ര്യമുള്ളു എന്നും അവൾക്ക് ചാരിത്ര്യ ശുദ്ധിമതിയെന്ന ചിന്തയുമാണ് ഉള്ളത്.
- അവിഹിത ബന്ധത്തിലൂടെയുള്ള ഗർഭധാരണം സമൂഹത്തിൽ മോശമായി കാണുമ്പോൾ അതെ പ്രവർത്തിയിലേർപ്പെട്ട പുരുഷൻ മാന്യനായി കാണുന്നു
  കുടുംബ പശ്ചാത്തലത്തിൽ ഇത്തരം ഘടകങ്ങൾ ശരിയായ രീതിയിലുള്ള ചലനാത്മതക്ക് വളരെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നു. നിലനിൽക്കുന്ന സാമൂഹ്യ വ്യവസ്ഥിതിയിലെ പുരുഷമേൽക്കോയ്മയുടെ ചില ഉദാഹരണങ്ങൾ മാത്രമാണിതെല്ലാം

## സമൂഹം

മതം: എല്ലാ മതങ്ങളും സ്ത്രീകളുടെ സ്വാതന്ത്ര്യത്തിന് ഒരു പരിധി കൽപ്പിച്ചിട്ടുണ്ട്. (വസ്ത്രധാരണം, പൊതുപ്രവർത്തനം, പൊതുഇടങ്ങളിലെ ഇടപെടൽ, ആധികാരികമായി തീരുമാനങ്ങൾ എടുക്കുന്നിടങ്ങളിലെ അഭിപ്രായ പ്രകടനം)

രാഷ്ട്രീയ പ്രസ്ഥാനങ്ങൾ: സ്വതന്ത്രമായ തീരുമാനമെടുക്കാൻ സാധിക്കുന്നില്ല

വിദ്യാഭ്യാസം: പരിചരണ സ്വഭാവമുള്ള തൊഴിൽ ചെയ്യാൻ നിർബന്ധമാക്കപ്പെട്ട വിദ്യാഭ്യാസ രീതിയിലേക്ക് തള്ളപ്പെടുന്നു.

നിയമസംവിധാനം: ഒരേ തരത്തിലുള്ള തെറ്റ് ചെയ്താലും പുരുഷൻമാരേക്കാൾ സ്ത്രീകൾ കൂടുതൽ ചോദ്യം ചെയ്യപ്പെടുകയും മോശമായി ചിത്രീകരിക്കപ്പെടുകയും ചെയ്യുന്നു.

സാമ്പത്തികം: സാമ്പത്തികമായി ഉയർന്നതലത്തിലുള്ള സ്ത്രീകളോടുള്ള സമീപനമല്ല സാമ്പത്തികമായി താഴെക്കിടയിലുള്ള സ്ത്രീകളോടുള്ള സമീപനം

സാംസ്കാരിക മുല്യച്ച്യുതി: ഇന്നത്തെ സമൂഹം സ്ത്രീകളെ 'വെറും'കച്ചടവടച്ചരക്കായി കാണുന്നു.

അന്ധവിശ്വാസവും അനാചരാവും : യുക്തിബോധമുള്ളവരാക്കുന്നതിനും സമൂഹം ബോധപൂർവ്വം പിൻവാങ്ങുന്നു.

മാധ്യമങ്ങൾ: സ്ത്രീകളുടെ ശരീരത്തിൻമേലുള്ള മാധ്യമങ്ങളുടെ കടന്നാക്രമണങ്ങളും വിവധ തരത്തിലുള്ള ചിത്രീകരണവും സ്ത്രീകളെ മുഖ്യധാരയിലേക്ക് വരുന്നതിൽ നിന്നും തടസ്സം സൃഷ്ടിക്കുന്നു.